മാധ്യമം 6 November 2023

## പവിഴപ്പുറ്റുകളിലെ ഗവേഷണം

# ആൽവിൻ ആന്റോക്ക് ദേശീയ അംഗീകാരം



ആൽവിൻ ആന്റോ

**കൊച്ചി:** ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ യങ് പ്രഫഷനൽ ആൽവിൻ ആന്റോക്ക് ദേശീയ അംഗീകാരമായി പാരിസ്ഥിതിക പഠനങ്ങൾക്കുള്ള ഹാസ്മുഖ് ഷാ മെമ്മോറിയൽ പുരസ്കാരം. രണ്ട് ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം. കാലാവസ്ഥ വ്യതിയാനം ഉൾപ്പെടെയുള്ള ഭീഷണി നേരിടാൻ പവിഴപ്പുറ്റുകളെ സജ്ജമാക്കുന്ന തരത്തിലുള്ള പഠനപ്രവർത്തനങ്ങളാണ് ആൽവിനെ പുരസ്കാരത്തിന് അർഹനാക്കിയത്. പവിഴപ്പുറ്റുകളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും ഊന്നൽ നൽകുന്നതാണ് ആൽവിന്റെ ഗവേഷണം.

കടൽസസ്തനികളെ പഠനവിധേയമാക്കാൻ സി.എം.എഫ്.ആർ.ഐ ആരംഭിച്ച 100 ദിന സർവേസംഘത്തിലെ അംഗം കൂടിയാണ് ആൽവിൻ. ജനുവരിയിൽ വഡോദരയിൽ നടക്കുന്ന ഹാസ്മുഖ് ഷാ അനുസ്മരണ പ്രഭാഷണത്തിൽ പ്രബന്ധസാരം സമർപ്പിക്കും.